KK Nov 2, 91

റോം കത്തിയെരിയുമ്പോൾ

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

നീറോ എന്നു പേരായ ഒരു റോമാ ചക്രവർത്തിയുണ്ടായിരുന്നു. അത്യന്തം നിഷ്ഠൂരനായ ഒരു ഭരണാധികാരി. ക്രിസ്തുമതം റോമിലേക്കു കുടിയേറിത്തുടങ്ങിയ കാലത്താണ് അയാൾ ജീവിച്ചിരുന്നത്. പുതുക്രിസ്ത്യാനികളോട് കഠിനമായ വെറുപ്പും വൈരാഗ്യവും കാണിക്കാൻ, ഒരു മടിയുമുണ്ടായിരുന്നില്ല ചക്രവർത്തിക്ക്. അവരെ കണക്കിലേറെ ദ്രോഹിച്ചു. അതുകൊണ്ട് ക്രിസ്തുമത വിശ്വാസികളായ ചരിത്രകാരൻമാരും സുവിശേഷപ്രചാരകരും നീറോയുടെ ക്രൂരത വ്യക്തമാക്കുന്ന കഥകൾക്ക് കാഠിന്യവും പൊടിപ്പും കൊടുത്തിരിക്കാം. അവ പ്രചരിപ്പിച്ചപ്പോൾ, അതിഭാവുകത്വത്തിനും, അതിശയോക്തിക്കും ഒരു വലിയ മാർജ്ജിൻ കൊടുത്താലും നീറോ, (37–68 എ.ഡി) നിഷ്ഠൂരനും നിർദ്ദയനും മൃഗീയ സ്വഭാവക്കാരനുമായിരുന്നെന്ന കാര്യത്തിൽ സംശയമില്ല.

ആ ഭരണാധിപതിയുടെ ജീവചരിത്രത്തിലേക്ക് ഒന്ന് എത്തിനോക്കാം: ഓർമ്മ പുതുക്കാൻ മാത്രം! ഡൊമിറ്റിയസ് അഹെനോബാർബസിന്റെ മകനായിരുന്നു. അമ്മയുടെ—അഗ്രിപ്പിനയുടെ–രണ്ടാമത്തെ ഭർത്താവായ ക്ളാഡിയസ് ചക്രവർത്തി, അവനെ ദത്തെടുത്തു. ഭർത്താവായ ക്ളാഡിയസ് ചക്രവർത്തിയെ തക്കംനോക്കി വിഷംകൊടുത്ത് കൊന്നു. നീറോയുടെ അമ്മ, അതിനുശേഷം പുത്രനെ സിംഹാസനത്തിലേറ്റി, ക്ളാഡിയസിന്റെ മകനായിരുന്ന ബ്രിട്ടാനിക്കസിന്റെ ന്യായമായ സിംഹാസനാവകാശം നിഷേധിച്ചാണ്, നീറോയെ ഭരണാധികാരിയാക്കിയത്. അമ്മ കാണിച്ച വഴി തന്നെ മകനും പിന്നെ സ്വീകരിച്ചു. ബ്രിട്ടാനിക്കസിനെ യഥാകാലം വിഷം കൊടുത്തുകൊന്ന് രംഗം ശുദ്ധമാക്കി. കുറെക്കഴിഞ്ഞ് നീറോ അമ്മയുടെ നേർക്കാണ് തിരിഞ്ഞത്. അവരെ അറുംകൊല ചെയ്തു ആ പ്രിയപുത്രൻ! പിന്നെ ഭാര്യയായിരുന്ന ഒക്ടേവിയയുടെ ഊഴവും വന്നു. നീറോ അവളെയും കൊന്നു! നീറോ കൊല ചെയ്തവരുടെ പട്ടികയിൽ അയാളുടെ ഗുരുനാഥനായിരുന്ന തത്വചിന്തകൻ, സെനെക്കയും മറ്റു പല നല്ല മനുഷ്യരുമുണ്ട്.

പുതു ക്രിസ്ത്യാനികളെ പ്രാണപീഡനം ചെയ്ത് വിനോദിക്കുന്നത് നീറോയുടെ പതിവായിരുന്നു. ചക്രവർത്തിയുടെ ചാരൻമാർ, സമയം നോക്കി റോമാപട്ടണത്തിനു, തീകൊളുത്തി, നഗരം വെന്തെരിയുമ്പോൾ, ചക്രവർത്തി സംഗീതത്തിൽ, രസിച്ചു മുഴുകുകയാണ് ചെയ്തത്. നഗരം അഗ്നിക്കിരയാക്കിയത് പുതു ക്രിസ്ത്യാനികളാണെന്നാരോപിച്ച് അവരെ ക്രമാതീതമായി പീഡിപ്പിക്കാൻ ഒരു കാരണംകൂടി ചക്രവർത്തിയുണ്ടാക്കി.

പൊറുക്കവയ്യാതായപ്പോൾ റോമിലെ സെനറ്റ്, സാമ്രാജ്യശത്രുവായി നീറോയെ വിധിച്ചു. എന്നാൽ നിയമത്തിന്റെ പിടിയിൽ പെടുന്നതിനവസരം കൊടുക്കാതെ, സ്വന്തം കഠാര നെഞ്ചിൽ കുത്തിയിറക്കി അയാൾ ആത്മഹത്യ ചെയ്തു! അന്നുമുതൽ ക്രൂരതയ്ക്കും വിവേകശൂന്യതയ്ക്കുമുള്ള പര്യായമെന്ന നിലയിൽ നീറോ, അപഖ്യാതിയുടെ ചുമടുംവഹിച്ച് ചരിത്രത്തിൽ നിലയുറപ്പിച്ചിരിക്കുന്നു! റോമിലെ ആഢ്യവിഭാഗങ്ങളുടെ ധാർമ്മികാധപ്പതനം അതിന്റെ പാരമ്യത പ്രാപിച്ചത് നീറോയുടെ കാലത്താണ്.

മനുഷ്യസഹജമായ കാരുണ്യവും അനുതാപവും സ്നേഹവും അല്പംപോലുമില്ലാത്ത നീറോയുടെ പരമ്പര അയാളോടുകൂടി അവസാനിച്ചില്ല. അന്നും അതിനുശേഷവും ഇന്നും ലോകത്തിൽ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ചില സംഭവങ്ങൾ ഇത് അറിയിക്കുന്നു. അവയ്ക്ക് ഉത്തരവാദികളാകുന്ന 'കുട്ടി നീറോമാർ' എല്ലാ രാജ്യത്തും എല്ലാ സമൂഹത്തിലും മുഖംമൂടിയണിഞ്ഞ് വാഴുന്നു, വിഹരിക്കുന്നു, പക്ഷേ അവരുടെ ആചാര്യനുണ്ടായിരുന്ന പരിസ്ഥിതി, കുട്ടി നീറോമാർക്ക് കിട്ടുന്നില്ല. അതുകൊണ്ട് അവരുടെ ദ്രോഹം അധികമാരും അറിയുന്നില്ല. ദ്രോഹം സഹിക്കേണ്ടി വരുന്നവർ ഹൃദയവേദന കടിച്ചമർത്തി തരിച്ചിരിക്കുകയാണ് പതിവ്. ദിവ്യൻമാരുടെയങ്കിയണിഞ്ഞ്, നേതാവെന്നു സ്വയം നടിച്ച്, സമൂഹത്തിൽ വിഹരിക്കുന്ന ചിലരുടെ പെരുമാറ്റങ്ങൾ കാണുമ്പോൾ, പഴയകാലത്തെ ചക്രവർത്തിയെ ന്യായമായി ആരും ഓർമ്മിച്ചുപോകും. ഐക്മാനും, ബെർഗറും, ബെറിയയും, ചെഷ്സ്ക്യൂവും അമീനുമൊക്കെ ഭിന്നവേഷമിട്ട നീറോയുടെ അവതാരങ്ങൾ തന്നെ.

ഭാരതത്തിലെ രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് ഒരു പുതിയ ശൈലിയും ധാർമ്മികമായ അടിത്തറയുമിടാൻ മഹാത്മാഗാന്ധി മനഃപൂർവ്വം എന്നും ശ്രദ്ധിച്ചിരുന്നു; ശ്രമിച്ചിരുന്നു. അക്രമരാഹിത്യം, അയിത്തോച്ചാടനം, ഗ്രാമപുനരുദ്ധാരണം തുടങ്ങിയവയെല്ലാം അതിനുള്ള വഴികളുമായിരുന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ കർമ്മപദ്ധതികളും ചിന്തയും ഇന്ന് നമുക്ക് അന്യമായിക്കൊണ്ടിരിക്കുകയാണ്. ''ഗാന്ധി''യെന്നു പറഞ്ഞാൽ പലർക്കും ഇന്ന് ഓർമ്മവരുന്നത് മറ്റുചില ഗാന്ധിയൻമാരെയാണ്. ഈ നിലവാരം, സാർവ്വത്രികമാകാൻ ഇനിയും അധികകാലമാകുമെന്നു തോന്നുന്നില്ല. വർഗ്ഗീയ കലാപത്തിലാണ്ട് ദുരിതവും ദുഃഖവുമനുഭവിച്ച നവഖാലിയിലെ സാധുജനങ്ങൾക്ക് സമാശ്വാസമരുളുന്ന പ്രവർത്തനത്തിലാമഗ്നനായാണ് ഗാന്ധിജി സ്വാതന്ത്ര്യ സമാർജ്ജന വേളയാചരിച്ചത്. ദില്ലിയിലെ ആൾക്കൂട്ടത്തിന്റെ ആഹ്ളാദാരവമല്ല മറിച്ച് നവഖാലിയിലെ സകലതും നഷ്ടപ്പെട്ട അമ്മമാരുടെ ആർത്തനാദമാണ് അദ്ദേഹത്തിന്റെ കാതുകളിൽ വീണത്. അതാണ് ശ്രദ്ധിക്കപ്പെടേണ്ടതെന്ന് അദ്ദേഹം അറിഞ്ഞു പ്രവർത്തിച്ചു കാണിച്ചു.

ഇന്ത്യയിലുണ്ടായിട്ടുള്ള ഭൂകമ്പങ്ങളിൽ ഏറ്റവുമുഗ്രമായ ഒന്നാണ് ഉത്തരപ്രദേശത്തെ ഗഢ്വാൾ പ്രദേശങ്ങളിൽ സംഭവിച്ചത്. ആൾ നാശവും നാശനഷ്ടങ്ങളും ഇനിയും തിട്ടപ്പെടുത്താൻ പോലും കഴിഞ്ഞിട്ടില്ല. അത്ര ബൃഹത്തായ അത്യാഹിതം. ജീവഹാനി സംഭവിക്കാതിരുന്നവർ നിരാധാരരായി ചത്തതിനൊത്തു ജീവിച്ചിരിക്കുന്നു, ദുരിതത്തിലാണ്ടു കഴിയുന്നു. അവരെ സഹായിക്കാനും ആശ്വസിപ്പിക്കാനും ആളുകളെ അന്യഭാഗങ്ങളിൽ സംഘടിപ്പിക്കാനും സജ്ജരാക്കാനുമുള്ള പ്രയത്നങ്ങളിൽ എത്ര നേതാക്കൻമാർ ഏർപ്പെട്ടു? തയ്യാറായി? വീടും കൂടുമില്ലാതെ നിരത്തുകളിൽ കുത്തിയിരുന്നും കിടന്നും കഴിയുന്ന ഉത്തരകാശി, ഭട്വാര, ജുമത് തപക്, മനേരി തുടങ്ങിയ ഭാഗങ്ങളിൽ അശരണരെ ആര് ഓർമ്മിക്കുന്നു? മറ്റെല്ലാകാര്യങ്ങളും മാറ്റിവച്ച് സമസ്ത ജനങ്ങളെയും ഒന്നിപ്പിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ നേതാക്കൻമാർ രംഗത്തുവരേണ്ട സമയം ഇതല്ലേ? ജീവകാരുണ്യ പ്രവർത്തനങ്ങൾ നീക്കിവയ്ക്കാവുന്ന കാര്യങ്ങളാണോ? ''അഗാധമായ ദുഃഖവും'' അത്യാഹിതത്തിൽ ''ഞെട്ടലും'' ബന്ധുമിത്രാദികളെ നഷ്ടപ്പെട്ടവർക്ക് ''അനുശോചനവും'' പ്രകടിപ്പിക്കുന്ന പ്രസ്താവനകൾ നടത്തി, കർത്തവ്യസ്ഥാനങ്ങളിൽ നിന്ന് ഓടിയൊളിക്കുകയല്ലേ നേതാക്കൻമാർ?

ഓ! അവർ മറ്റു കൂടുതൽ പ്രാധാന്യമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്! എന്താണെന്നല്ലേ? പ്രധാനമന്ത്രിയുടെ വസതിക്കടുത്ത്, കെട്ടിയലങ്കരിച്ച ഷാമിയാനയുടെ സുഖശീതളമായ നിഴലിൽ, ധർണ ചെയ്യുന്നു! സംസ്ഥാന തലസ്ഥാനങ്ങളിൽ വമ്പിച്ച റാലികൾ സംഘടിപ്പിക്കുന്നു, അയോദ്ധ്യയിലേക്ക് മാർച്ചു ചെയ്ത് അറസ്റ്റു വരിക്കുന്നു! ഇതുപോലെ പ്രധാനപ്പെട്ട കാര്യങ്ങൾ ചെയ്യാനുള്ളപ്പോൾ, ഗഢ്വാൾ പ്രദേശങ്ങളിൽ സകലതും തകർന്നു മണ്ണടിഞ്ഞ, മനുഷ്യരെ ശ്രദ്ധിക്കാൻ പറ്റുമോ? അവരുടെ ദീനരോദനമല്ല, റാലികളിലും ധർണകളിലും മാർച്ചുകളിലും മുഴക്കുന്ന മുദ്രാവാക്യങ്ങളാണ് നേതാക്കൻമാർക്ക് പ്രധാനപ്പെട്ടത്! ഭൂകമ്പദുരിതത്തിൽ പെട്ടുമരിച്ചവരുടെ മറവുചെയ്യാൻ പോലും കഴിഞ്ഞിട്ടില്ലാത്ത മൃതദേഹങ്ങൾ ചീഞ്ഞളിഞ്ഞു കൊണ്ടിരിക്കുമ്പോൾ, മഹാമാരികൾ ആളിപ്പടരുമെന്ന ഭീഷണി ഉയർന്നുവരുമ്പോൾ, അവിടങ്ങളിൽ ഓടിയെത്തി പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിനെക്കാൾ മുഖ്യം, റാലിയും ധർണയും മാർച്ചും നടത്തുന്നതു തന്നെ! ത്യാഗ നിർഭരമായ ധർണയും റാലിയും മാർച്ചും നീണാൾ നിലനില്ക്കട്ടെ! നേതാക്കൻമാരെ, നിങ്ങളറിയുന്നില്ലേ, നിങ്ങളിലെ മനുഷ്യരെ വിളിക്കുന്നത് അയോദ്ധ്യയല്ല, ഗഢ്വാളിലെ ഭൂകമ്പ ദുരിതബാധിത ദേശങ്ങളാണെന്ന്?

ഭൂകമ്പ ദുരിതബാധിത പ്രദേശങ്ങളിൽ ഇന്ന് ആശ്വാസ പ്രവർത്തനങ്ങളിൽ ആത്മാർത്ഥതയോടെ ഏർപ്പെട്ടിരിക്കുന്നത് കരസേന, വ്യോമസേന, അതിർത്തി സേന, എന്നിവയിലുള്ള ഡ്യൂട്ടിയിൽ നിയോഗിക്കപ്പെട്ടിട്ടുള്ള ജവാൻമാരും അവരുടെ ആഫീസർമാരും ആണ്. കൂടാതെ ജീവകാരുണ്യ പ്രചോദിതരായ ചില സന്നദ്ധ സംഘടനകളും സാമൂഹ്യ പ്രവർത്തകരും രംഗത്തുണ്ട്. ജീവകാരുണ്യവും ധാർമ്മിക മൂല്യങ്ങളും മനുഷ്യസ്നേഹവുമൊക്കെ, സൗകര്യവും ലാഭവുമുള്ള സന്ദർഭങ്ങളിൽ തൊപ്പിയിൽ കുത്താനുള്ള വർണ്ണത്തൂവലുകളാക്കിയിട്ടുള്ള രാഷ്ട്രീയ നേതാക്കൻമാരെ അവിടെയെങ്ങനെ കാണും? വിശാലമായ പ്രദേശത്ത് ദുരന്തം നിലനില്ക്കുമ്പോൾ, ബഹുജന മാദ്ധ്യമങ്ങൾക്ക് വാർത്താ പ്രാധാന്യമുള്ള സംഭവങ്ങൾ ധർണയും റാലിയും അറസ്റ്റും മറ്റുമാണ്! രാഷ്ട്രീയക്കാരില്ലാത്തിടങ്ങൾ മാദ്ധ്യമങ്ങൾക്ക് ശ്രദ്ധയും താല്പര്യവുമില്ലാതാകുന്നതും കഷ്ടമല്ലേ? നമ്മുടെ മൂല്യബോധത്തോടുള്ള വെല്ലുവിളിയല്ലേ?